പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1482 06.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. എ.കെ. ശശീന്ദ്രൻ |
| " വി.ഡി.സതീശൻ | (ഗതാഗത വകുപ്പ് മന്ത്രി) |
| " വി.പി.സജീന്ദ്രൻ | |
| " റോജി എം. ജോൺ | |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണോ; എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) | അതെ. കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്.<br>സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളാക്കി മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കോർപ്പറേഷൻ എടുത്തിട്ടുള്ള വായ്പാതുക, മറ്റ് ബാങ്കുകളുടെ കുറഞ്ഞ പലിശ നിരക്കും ദീർഘകാല തിരിച്ചടവ് കാലയളവുമുള്ള വായ്പകളാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതിലൂടെ പ്രതിമാസം എത്ര രൂപ പലിശയിനത്തിൽ ലാഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലുമുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം മുഖേന 9% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. പലിശയിനത്തിൽ 3 മുതൽ 5 ശതമാനം വരെ ലാഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ മിച്ചം പിടിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റ് തലത്തിൽ നാൽപ്പത് ശതമാനം പേരെ നേരിട്ട് നിയമിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (സി) | പ്രാവർത്തികമാക്കിയിട്ടുണ്ട്.<br>എ.റ്റി.ഒ തസ്തികയിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തേണ്ട 40%-ൽ 15% ആയ (by transfer) 8 പേരുടെ നിയമനം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന 25% ആയ (നേരിട്ടുള്ള നിയമനം) 12 പേരുടെ നിയമനം അന്തിമ ഘട്ടത്തിലാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. എ.ഒ തസ്തികയിൽ പി.എസ്.സി. മുഖാന്തിരം നിയമനം നടത്തേണ്ട 40%-ൽ 15% (by transfer) ആയ 4 പേരുടെ നിയമനം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന 25% ആയ (നേരിട്ടുള്ള നിയമനം) 7 പേരുടെ നിയമനം അന്തിമ ഘട്ടത്തിലാണെന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്. |
| (ഡി) | കോർപ്പറേഷൻ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ജീവനക്കാരുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ സഹകരണം ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ